**18/01/2022 ൽ ബഹു.മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 10.30PM ന് വീഡിയോ കോൺഫെറൻസ് വഴി കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനിറ്റ്സ്**

നമ്മുടെ സംസ്ഥാനം 2022 ആഗസ്റ്റ് 15 ഓടെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം ആയി മാറുകയാണെന്നും അതനുസരിച്ചുള്ള മാറ്റങ്ങൾക്ക് വാട്ടർ അതോറിറ്റിയിലും തുടക്കം കുറിച്ചിട്ടുണ്ടെന്നും എംഡി അറിയിച്ചു. ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ അവലോകനയോഗത്തിൽ അദ്ദേഹം ഇക്കാര്യം ആവർത്തിച്ചതായും എംഡി അറിയിച്ചു. താഴെ പറയുന്ന കാര്യങ്ങൾ ഓൺലൈൻ മുഖേന മാത്രമേ നടത്താവൂ എന്നും പ്രസ്തുത അവലോകനയോഗത്തിൽ തീരുമാനിച്ചതായി അറിയിച്ചു.

1. എല്ലാ ബില്ലുകളും
2. എല്ലാ രസീതുകളും
3. എല്ലാ സർട്ടിഫിക്കറ്റുകളും
4. എല്ലാ പേയ്മെന്റുകളും
5. എല്ലാ ഫയലുകളും

- നോൺ പ്ലാൻ ഫണ്ടിന്റെ ഗഡു കിട്ടുന്ന സമയം ആയതിനാൽ ഗവൺമെൻറ്റ് സ്ഥാപനങ്ങൾ, ഗവൺമെൻറ് ഏജൻസികൾ OTS നടപടികൾ പൂർത്തിയാക്കി അവർക്കു ബിൽ നൽകുകയും വാട്ടർ ചാർജ് കുടിശ്ശിക ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ ഡിപ്പാർട്ടമെന്റ് മേധാവികൾക്ക് കുടിശ്ശികയുമായി ബന്ധപ്പെട്ട കത്തുകൾ സെറ്റിൽമെന്റിനായി ക്രോഡീകരിച്ച തുക ഒരൊറ്റ ബില്ലായി നൽകേണ്ടതാണ്.
- ജല അതോറിറ്റിയുടെ എല്ലാ ഓഫീസുകളും ഉടനടി പേപ്പർ രഹിത ഓഫീസ് ആവാൻ വേണ്ടി നടപടികൾ ഡിവിഷൻ തലത്തിൽ ആരംഭിക്കേണ്ടതാണ്.
- കോവിഡിന്റെ മൂന്നാം തരംഗം ആരംഭിച്ച ഈ കാലയളവിലും വാട്ടർ ചാർജ് പിരിച്ച് എടുക്കുന്നതിൽ എല്ലാ ഡിവിഷനുകളും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നും അത് അഭിനന്ദനാർഹമാണ് എന്നും കൊച്ചി PH ഡിവിഷന്റെ പ്രവർത്തനങ്ങൾ മറ്റു ഡിവിഷനുകൾക്കു അനുകരണീയമാണെന്നും അതിനു മുൻകൈ എടുത്തവരെ പ്രേത്യകം അഭിനന്ദിക്കുന്നുവെന്നും MD അറിയിച്ചു.

| **ക്രമ നമ്പർ** | **ചർച്ചചെയ്ത വിഷയങ്ങൾ** | **സ്വീകരിച്ച നടപടികൾ** | **തീരുമാനങ്ങൾ** | **പ്രാവർത്തികമാക്കേണ്ട തീയതി /ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** |
|---|---|---|---|---|
| 1 | വിച്ഛേദിക്കപ്പെടാത്ത ഗാർഹികേതര വിഭാഗം കണക്ഷനുകളിലെ കുടിശ്ശിക തുക 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ഇ-അബാക്കസിൽ നിന്നും ഒഴിവാക്കുന്നതിന് ഡിവിഷനുകളിലെ RO മാർക്ക് അധികാരം നൽകണമെന്ന ആവശ്യം | ആദ്യഘട്ടമായാണ് വിച്ഛേദിക്കപ്പെട്ട ഗാർഹികേതര വിഭാഗം കണക്ഷനുകളിലെ കുടിശ്ശിക തുക 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ഇ-അബാക്കസിൽ നിന്നും ഒഴിവാക്കുന്നതിന് ഡിവിഷനുകളെ ചുമതലപ്പെടുത്തി 18/11/2021 ൽ സർക്കുലർ പുറപ്പെടുവിച്ചത്. | ഗാർഹികേതര വിഭാഗം കണക്ഷനുകളിലെ കുടിശ്ശിക തുക 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി ബാക്കി തുക ഇ-അബാക്കസിൽ നിയമിശ്രതം ശരിയാക്കാൻ ഡിവിഷനുകളിലെ RO മാരെ അധികാരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് | AO RMC |
| 2 | ഭീമമായ കുടിശ്ശിക യുള്ള | 2 % കൂട്ടുപലിശ | 2 % സാധാരണ പലിശ | |

Draft #29 of File KWA/HO/RMC/R1/670/2021 Approved by Managing Director on 02-Feb-2022 06:36 PM - Page 1

Draft #29 of File KWA/HO/RMC/R1/670/2021 Approved by Managing Director on 02-Feb-2022 06:36 PM - Page 2

| | | | | |
|---|---|---|---|---|
| | കണക്ഷനു കളുടെ 2 % സാധാരണ പലിശ കണക്ക് കൂട്ടി കൂടുതൽ ഉള്ള തുക ഒഴിവാക്കണം | കണക്കാകാത്ത വിധത്തിൽ അബാക്കസ് പുനഃക്രമീകരിക്കുന്നതുമായി ബന്ധപെട്ടു Dy .AM ന്റെ നേതൃത്വത്തിൽ ഉള്ള സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>2 % സാധാരണ പലിശ JANUARY 2022 മുതൽ DBA ഒഴിവാക്കിയിട്ടുണ്ട്. | നിരക്കിൽ കണക്കാക്കുന്നതിനുള്ള എക്സൽ ഫോർമാറ്റ് ഉടൻ തന്നെ RO മാർക്ക് ഷെയർ ചെയ്യാമെന്ന് DBA അറിയിച്ചു. | DBA/ALL RO's |
| 3. | ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച അപേക്ഷകൾ RO മാർ പരിശോധിക്കണമെന്ന ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യം.<br>.. | 16/10/2020 ലെ 12131/E9/2020/KWA എന്ന ഉത്തരവിലാണ് ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച അപേക്ഷകൾ RO മാർ പരിശോധിക്കണമെന്ന് പരാമർശിച്ചിട്ടുള്ളത്. | ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച അപേക്ഷകൾ RO മാർ പരിശോധിക്കണമെന്ന ഉത്തരവ് ഉപഭോക്താക്കളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നതായതിനാൽ സെക്ഷനുകളിൽ തന്നെ ഇതിനുള്ള നടപടിക്രമം പൂർത്തീകരിക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തി. | AO RMC |
| 4 | INTERNAL ADALATH നടപടികൾ | 12 ഡിവിഷനുകൾ അദാലത്ത് പൂർത്തി ആക്കിയതായി അറിയിച്ചു | ഇനിയും INTERNAL ADALATH ൽ കുടിശ്ശിക തുക ഒഴിവാക്കാനുണ്ടെങ്കിൽ അതിനുള്ള റിക്വസ്റ്റ് നൽകിയാൽ ADALATH നുള്ള തീയതി നീട്ടി നൽകുന്നതാണ്. | ALL ROs |
| 5 | കൺസ്യൂമർ സർവീസ് സെക്ഷൻ തലത്തിൽ ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണം . | നിലവിൽ AEE മാർക്കാണ് കൺസ്യൂമർ സർവീസ് ചെയ്യുന്നതിനുള്ള അനുമതി ഉള്ളത്. സെക്ഷൻ ഓഫീസുകളും സബ് ഡിവിഷൻ ഓഫീസുകളും ദൂരെ സ്ഥലങ്ങളിൽ ആയതിനാൽ ഉപഭോക്താക്കൾ മീറ്റർ മാറ്റി വാക്കുന്നതിനും ഉടമസ്ഥാവകാശം | ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ RMC യെ ചുമതലപ്പെടുത്തി. | AO RMC |

| | | | | |
|---|---|---|---|---|
| | | മാറ്റുന്നത് ഉൾപ്പെടെയുള്ള കൺസ്യൂമർ സർവീസ് ചെയ്യുന്നതിനു വളരെയധികം ബുദ്ധിമുട്ടു നേരിടുന്നു. | | |
| 6 | RTGS/NEFT വഴി പേയ്മെന്റ് നടത്തുമ്പോൾ ടി തുക കൺസ്യൂമർ ലെഡ്ജറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ | RTGS /NEFT പേയ്മെന്റുകൾ അബാക്കസിൽ ഉൾപ്പെടുത്തുന്നതിനുള്ള ജോലികൾ ചെയ്തിരുന്ന ഉദ്യോഗസ്ഥൻ പ്രൊമോഷൻ ആയി പോയെന്നും പകരം ആള് വന്നാൽ ഉടൻ തന്നെ പ്രസ്തുത ജോലികൾ പൂർത്തിയാക്കുമെന്നും DBA അറിയിച്ചു. | SBI BANKING SOLUTION നുമായി ബന്ധപെട്ടു പേയ്മെന്റ് നടത്ത്തുന്ന ഉപഭോക്താക്കൾക്ക് VAN മുഖേന ഒരു പുതിയ അക്കൗണ്ട് തുടങ്ങി അത് മുഖേന വാട്ടർ ചാർജ് അടക്കുന്നതിനുള്ള നടപടികൾ ശ്രീ.അരവിന്ദ് DAO യുമായി ബന്ധപ്പെട്ടു നടപ്പിലാക്കേണ്ടതാണ്. | SS RMC/DBA / Sri Aravind |
| 7 | JJM മുഖേന നൽകുന്ന കണക്ഷനുകൾ യഥാസമയം റൂട്ടിൽ വരുത്തി ബില്ലുകൾ നൽകുക | JJM വഴി നൽകുന്ന കണക്ഷനുകൾ അതാതു റൂട്ട് കണ്ടത്തി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. DBA അതിനാവശ്യമായ DETAILS നൽകേണ്ടതാണ്. | JJM വഴി നൽകുന്ന കണക്ഷനുകളിലെ ഫോൺ നമ്പർ ഉപയോഗിച്ചു ഉപഭോക്താക്കളെ കണ്ടെത്തി കണക്ഷനുകൾ റൂട്ടിൽ വരുത്തുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കേണ്ടതാണ്. ഇത് റൂട്ടിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി എല്ലാ RO മാറും അഭിപ്രായപെട്ടു | DBA/RO |
| 8 | NWR | വിവരശേഖരണം എല്ലാ റവന്യൂ ഡിവിഷിനിൽ നിന്നും നടത്തണം | NWR വുമായി ബന്ധപ്പെട്ട് വിവരങ്ങൾ രേഖാമൂലം കേന്ദ്ര കാര്യാലയ ത്തിലേക്ക് റിപ്പോർട്ട് സമർപ്പക്കേണ്ടതാണ് | ALL R.O.s |

മീറ്റിംഗ് 1.10 നു അവസാനിച്ചു

Draft #29 of File KWA/HO/RMC/R1/670/2021 Approved by Managing Director on 02-Feb-2022 06:36 PM - Page 3

The document is digitally approved. Hence signature is not needed.